# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2564**      **12.03.2020-ൽ മറുപടിയ്ക്ക്**

## ബാർ ലൈസൻസ് പുതുക്കി നൽകൽ

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| **എ)** | മുൻ സർക്കാരിന്റെ കാലത്ത് ബീയർ ആന്റ് വൈൻ പാർലർ ആയി പ്രവർത്തിച്ചിരുന്ന എത്ര ഹോട്ടലുകൾക്ക് ഈ സർക്കാർ വന്നശേഷം എഫ്.എൽ.3 ലൈസൻസ് പുതുക്കി നൽകിയെന്ന് അറിയിക്കാമോ; | മുൻ സർക്കാരിന്റെ കാലത്ത് ബാർ ലൈസൻസ് റദ്ദ് ചെയ്ത 404 ഹോട്ടലുകൾക്ക് ഈ സർക്കാർ വന്ന ശേഷം എഫ്.എൽ 3 ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. |
| **ബി)** | 2016 ജൂണിന് ശേഷം എത്ര ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചത്; നിലവിൽ എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ; | 2016 ജൂണിന് ശേഷം 170 ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചത്. നിലവിൽ 9 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| **സി)** | ബാർ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; അപ്രകാരമുള്ള വർദ്ധനവിലൂടെ സർക്കാരിന് ഒരു വർഷം എത്ര കോടി രൂപയുടെ അധികവരുമാനം ലഭിക്കുമെന്ന് അറിയിക്കാമോ | 27.02.2020-ലെ ജി.ഒ(എം.എസ്) നം.22/2020/നി.വ പ്രകാരം പ്രഖ്യാപിച്ച 2020-21 വർഷത്തെ അബ്കാരി നയത്തിൽ എഫ്.എൽ.3 ബാർ ലൈസൻസുകളുടെ വാർഷിക ഫീസ് 28 ലക്ഷത്തിൽ നിന്ന് 30 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. അപ്രകാരമുള്ള വർദ്ധനവിലൂടെ സർക്കാരിന് നിലവിൽ ഒരു വർഷം 11.96 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**